"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുതിയ മത്സ്യബന്ധന തുറമുഖം വികസിപ്പിക്കുന്നതിനും വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവേശന കവാടത്തിൽ സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ബ്രേക്ക് വാട്ടർ നിർമ്മാണവും - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ capacity building അടിസ്ഥാന സൗകര്യ വികസനം - ഭരണാനുമതി നല്കി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.141/2026/F&P തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. 27-03-2025 തീയതിയിലെ G.O.(Ms) No.6/2025/F&P.
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13-05-2025--ാം തീയതിയിലെ HECE/469/2025-A1, 18-06-2025 -ാം തീയതിയിലെ HECE/186/2022-DR5(D1) നം. കത്ത്.
3. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03-07-2025-ാം തീയതിയിലെ VISL/92/2025-JM(A)/297 നം. കത്ത്.

**ഉത്തരവ്**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പുതിയ മത്സ്യബന്ധന തുറമുഖം വികസിപ്പിക്കുന്നതിനും വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവേശന കവാടത്തിൽ സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ബ്രേക്ക് വാട്ടർ നിർമ്മാണവും CWPRS സമർപ്പിച്ച അന്തിമ രൂപരേഖയുടെ അടിസ്ഥാനത്തിൽ രണ്ടു പാക്കേജുകളായി പ്രവർത്തി നിർവ്വഹിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. നിലവിലുള്ള ഫിഷിംഗ് ഹാർബറിന്റെ സീവേർഡ് ബ്രേക്ക് വാട്ടറിൽ നിന്നും 45 ഡിഗ്രി ചരിവിൽ 250 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ നിർമ്മാണം 125 കോടി രൂപ ചിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി പാക്കേജ് 2 ആയി നടപ്പിലാക്കുവാനായും ഉത്തരവായിരുന്നു.

2. നിലവിലുള്ള ഫിഷിംഗ് ഹാർബറിന്റെ സീവേർഡ് ബ്രേക്ക് വാട്ടറിൽ നിന്നും 45 ഡിഗ്രി ചരിവിൽ 250 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടർ നിർമ്മാണം 125 കോടി രൂപ ചിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന്റെ ഭാഗമായി സെന്റേജ് തുക (4,63,89,789/- രൂപ) ടി പ്രവൃത്തിയുടെ നടത്തിപ്പിനും, വകുപ്പിന്റെ capacity building അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള 350 ലക്ഷം രൂപയുടെ ഒരു പ്രാഥമിക പ്രൊപ്പോസലിന് അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ 13-05-2025--ാം തീയതിയിലെ പരാമർശം 2 കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ

സമർപ്പിച്ച ശുപാർശയിലെ പ്രസ്തുത വകുപ്പിന്റെ capacity building, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള 350 ലക്ഷം രൂപയുടെ ഭരണാനുമതി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

i. നിർദ്ദേശിച്ച പ്രവൃത്തികൾക്കായി മാത്രം തുക വിനിയോഗിക്കേണ്ടതാണ്; മറ്റ് ആവശ്യങ്ങൾക്കായി തുക വകമാറ്റി ചിലവഴിക്കാൻ പാടില്ല

ii. സെന്റേജ് ചാർജ്ജ് ഇനത്തിൽ അധിക തുക അനുവദിക്കുന്നതല്ല. (അതായത് സെന്റേജ് ചാർജ്ജ് ഇനത്തിലുള്ള അന്തിമ തുക ഇതായിരിക്കും.)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTHA V K
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (08-02-2026-ാം തീയതിയിലെ 3223673/PU-B3/65/2025-FIN നം. ഫയൽ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I & PRD
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
Date: 19-02-2026 10:08:55
സെക്ഷൻ ഓഫീസർ

പകർപ്പ്ഃ ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്